


# ON THE TOP OF THE WORLD

എ.കെ. അബ്ദുൽ മജീദ്

‘ലോകത്തിന്റെ നെറുകയിൽ’ എന്നാണ് തലവാചകത്തിന്റെ അർത്ഥം. ഏറ്റവും സന്തോഷം തോന്നുമ്പോഴാണല്ലോ നമുക്ക് ലോകത്തിന്റെ മുകളിൽ കയറി നിൽക്കുന്നതായ തോന്നൽ ഉണ്ടാവുക.

Hala got A+ in all subjects and she felt on the top of the world.

(ഹലയ്ക്ക് എല്ലാവിഷയങ്ങളിലും എ പ്ലസ് ലഭിച്ചു. അവൾക്ക് അതിയായ സന്തോഷംതോന്നി)



ഇതേ അർത്ഥത്തിലുള്ള മറ്റൊരു പ്രയോഗമാണ് on cloud nine. ‘ഒമ്പതാം മേഘത്തിൽ’ എന്ന് വേണമെങ്കിൽ ഇതു നേരെ പരിഭാഷപ്പെടുത്താം. മലയാളത്തിൽ അങ്ങനെ ഒരു ശൈലി ഇല്ലാത്തതിനാൽ ആശയം പിടികിട്ടുകയില്ല എന്നു മാത്രം.

He was on cloud nine when he got the appointment letter.

(നിയമന ഉത്തരവ് ലഭിച്ചപ്പോൾ വലിയ സന്തോഷത്തിലായിരുന്നു അവൻ)

സന്തോഷം സൂചിപ്പിക്കാനുള്ള മറ്റുചില പ്രയോഗങ്ങൾ കൂടി പരിചയപ്പെടാം.

like the cat that got the cream.

‘ക്രീം കിട്ടിയ പൂച്ചയെപ്പോലെ’ എന്നാണല്ലോ നേരർത്ഥം. ഇംഗ്ലണ്ടിലെയും ആസ്ട്രേലിയയിലെയും പൂച്ചകൾ സന്തോഷിക്കുക ക്രീം കിട്ടുമ്പോഴായിരിക്കണം. അവിടെ രണ്ടിടത്തുമാണ് ഈ പ്രയോഗമുള്ളത്. അമേരിക്കയിൽ പ്രചാരത്തിലുള്ള ശൈലി like the cat that ate the canary എന്നാണ്. കാനറി ദ്വീപിൽ ലഭിക്കുന്ന ഒരുതരം മധുരക്കല്ല്, മഞ്ഞക്കിളി, ഒരുതരം ചെടി ഇവയ്ക്കെല്ലാം canary എന്നു പേരുണ്ട്.

മറ്റുള്ളവർക്ക് അലോസരമുണ്ടാക്കുന്ന വിധത്തിലുള്ള സന്തോഷ പ്രകടനത്തെ



സൂചിപ്പിക്കുന്നതിനാണ് like the cat that ate (swallowed/got) the canary എന്നീ ശൈലികൾ ഉപയോഗിക്കുന്നത്.

After pointing out the teacher’s mistake, he smiled like a cat that ate canary.

(അധ്യാപകന്റെ തെറ്റ് ചൂണ്ടിക്കാണിച്ചതിനു ശേഷം അവൻ സന്തോഷത്തോടെ ചിരിച്ചു)

ഈ ചിരി കാണുന്നവരുടെ ഉള്ളിൽ ഒരു വേദന തോന്നാൻ ഇടയുണ്ട്.

എന്നാൽ ഇങ്ങനെ ദോഷങ്ങളൊന്നുമില്ലാത്ത നല്ല സന്തോഷത്തെ കാണിക്കുന്ന ചില പ്രയോഗങ്ങളുണ്ട്.

Full of the joy of spring
In seventh heaven
Jump for joy
Over the moon
Floating on air

ഇവ വരുന്ന വാക്യങ്ങൾ താഴെ



With the trophy he came home, full of the joy of spring

She has been in seventh heaven since she passed the exam

Hala jumped for joy when she got a laptop

He won the first prize. He is over the moon.

When the principal told me that I am topper I was floating on air

സന്തോഷംകൊണ്ടുള്ള തുള്ളിച്ചാടലിനെയാണ് ഈ പ്രയോഗങ്ങളെല്ലാം സൂചിപ്പിക്കുന്നത്.

(തുടരും)